# പതിനാലാം കേരള നിയമസഭ
## പതിനാൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2180** **11.03.2020-ൽ മറുപടിക്ക്**

## വൈദ്യുതി വിതരണം മുടങ്ങാതെ നടത്തുന്നതിന് സ്വീകരിച്ച നടപടി

| | ചോദ്യം<br><br>ശ്രീ. വി. കെ. സി. മമ്മത് കോയ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിൽ പവർകട്ടോ, ലോഡ് ഷെഡിങ്ങോ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിൽ പവർകട്ടോ, ലോഡ് ഷെഡിങ്ങോ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | കടുത്ത വേനലിൽ കേരളത്തിലെ ഡാമുകളിൽ വെള്ളം കുറയുമ്പോഴും പവ്വർകട്ട് ഏർപ്പെടുത്താതെ വൈദ്യുതി വിതരണം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ ഏകദേശം 30% മാത്രമേ ആഭ്യന്തര ഉത്പാദനം വഴി നിറവേറ്റാൻ സാധ്യമാകുന്നുള്ളൂ. അവശേഷിക്കുന്ന വൈദ്യുതി സംസ്ഥാനത്തിനു പുറത്ത് നിന്നാണ് വാങ്ങുന്നത്. കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിന്റെയും നിലവിലുള്ള ദീർഘകാല കരാറുകൾ പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് പ്രതീക്ഷിക്കാവുന്ന അധിക വൈദ്യുതി കമ്മി കെ. എസ്. ഇ. ബി മുൻകൂട്ടി വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി പ്രധാനമായും ബാങ്കിംഗ് കരാറിലൂടെയും, ഹ്രസ്വകാല-വാങ്ങൽ കരാറിലൂടെയും പരമാവധി നികത്താനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽ നിന്ന് വൈദ്യുതി വാങ്ങാനുള്ള ക്രമീകരണങ്ങളും നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ പവ്വർകട്ടും ലോഡ് ഷെഡിങ്ങും ഏർപ്പെടുത്തിയിരുന്നോ; വിശദവിവരങ്ങൾ നൽകാമോ? | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉണ്ടായ പവ്വർകട്ടും ലോഡ് ഷെഡിംഗും സംബന്ധിച്ച വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.<br>• മൂലമറ്റം വൈദ്യുതി നിലയത്തിൽ നിന്നുണ്ടായ അപകടം മൂലം 2011 ജൂൺ 20 -ാം തീയതി മുതൽ 23 -ാം തീയതി വരെ സംസ്ഥാനത്ത് സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>• വൈദ്യുതി ലഭ്യതക്കുറവ് മൂലം 2011 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10 -ാം തീയതി വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>• 2012 ഏപ്രിൽ 2 മുതൽ മെയ് 23 -ാം തീയതി വരെയും സെപ്റ്റംബർ 27 -ാം തീയതി മുതൽ 2013 ജൂൺ 15 -ാം തീയതി വരെയും സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>• ശബരിഗിരി വൈദ്യുതി നിലയത്തിലെ അറ്റകുറ്റപ്പണികൾ കാരണം 22.05.2014 മുതൽ 31.05.2014 വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിരുന്നു.<br>• 02.06.2014 മുതൽ 26.06.2014 വരെ സൈക്ലിക് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>2012 ഏപ്രിൽ 5 -ാം തീയതി മുതൽ മെയ് 31 -ാം തീയതി വരെ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 10 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2012 ഏപ്രിൽ 26 -ാം തീയതി മുതൽ മെയ് 31 -ാം തീയതി വരെ എൽ.റ്റി ഉപഭോക്താക്കൾക്ക് 10 ശതമാനം പവർ കട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2012 മെയ് 31 -ാം തീയതി വരെ നിലനിന്നിരുന്നു. |

| | | | |
|---|---|---|---|
| | | | 2012 ഡിസംബർ 15 -ാം തീയതി മുതൽ എല്ലാ എച്ച്.റ്റി, ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെയും വൈദ്യുതി ഉപഭോഗത്തിൽ 25 ശതമാനം പവർ കട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.റ്റി ഉപഭോക്താക്കൾക്ക് 20 ശതമാനം പവർ കട്ടും ഏർപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ 2013 മെയ് 31 -ാം തീയതി വരെ നിലനിന്നിരുന്നു. |

സെക്ഷൻ ഓഫീസർ